പട്ടികവർഗ്ഗ വികസന വകുപ്പിൽ പാലക്കാട് ജില്ലയിൽ നിന്നും 13 പേർ മിശ്രവിവാഹ ധനസഹായത്തിന് അപേക്ഷ നൽകുകയുണ്ടായി. അതിൽ 7 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

നിയോജകമണ്ഡലത്തിന്റെ പേര്			*ആനുകൂല്യം ലഭിച്ചവർ*
1.	ചിറ്റൂർ	..	2 (രണ്ട്)
2.	മണ്ണാർക്കാട്	..	5 (അഞ്ച്)
	ആകെ	..	7 (ഏഴ്)

(ഡി) പട്ടികജാതി വികസന വകുപ്പിൽ 26 മിശ്രവിവാഹിതർക്ക് ധന സഹായം അനുവദിച്ച് ഉത്തരവായിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്തിട്ടില്ല. തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിൽ മിശ്രവിവാഹ ധനസഹായത്തിനുള്ള 6 (ആറ്) അപേക്ഷകൾ പരിഗണിക്കാനുണ്ട്. അവ പരിശോധിച്ചുവരികയാണ്.

കൊല ചെയ്യപ്പെട്ട ജോഗിയുടെ കുടുംബത്തിന് സഹായം

152 [1131] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുത്തങ്ങയിൽ 2003 ഫെബ്രുവരി 19-ലെ വെടിവയ്പിൽ കൊല്ലപ്പെട്ട ആദിവാസി വൃദ്ധനായ ജോഗിയുടെ കുടുംബത്തിന് എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ;

(ബി) ഈ കുടുബത്തെ സഹായിക്കാൻ നടപടി സ്വീകരിക്കുമെന്ന് സർക്കാർ വ്യക്തമാക്കിയിട്ടും സഹായം നൽകാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ജോഗിയുടെ കുടുംബത്തെ സർക്കാർ പ്രതിനിധികൾ ആരെങ്കിലും സന്ദർശിക്കുകയോ കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ ആന്റ് ബി) ഈ പ്രശ്നം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സുൽത്താൻ ബത്തേരി, മാനന്തവാടി, ട്രൈബൽ ഡവലപ്പ്മെന്റ് ആഫീസർ, മാനന്തവാടി ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ എന്നിവർ സന്ദർശിക്കുകയും ആശ്വാസിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്റ്റേഷനറി വകുപ്പ് കമ്പ്യൂട്ടർവൽക്കരണ നടപടി

153 [1132] ശ്രീ. പി. കെ. കെ. ബാവ:

" സി. മമ്മൂട്ടി:

" കെ. കുട്ടി അഹമ്മദ്കുട്ടി:

" സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേഷനറി വകുപ്പ് കമ്പ്യൂട്ടർവൽക്കരിക്കുന്ന നടപടി പൂർത്തിയായാൽ പ്രസ്തുത വകുപ്പിൽ ജീവനക്കാരുടെ എണ്ണം എത്രത്തോളം കുറയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) വകുപ്പിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) സ്റ്റേഷനറി വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായാൽ ജീവനക്കാരുടെ എണ്ണം കുറയാൻ സാധ്യതയില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly